# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1306 — 03.12.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോ പൊതുവിതരണ ശൃംഖലയും നിത്യോപയോഗ സാധനങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതു മൂലം ജനങ്ങൾ സപ്ലൈകോയെ ഒഴിവാക്കേണ്ടതായി വരുന്ന സാഹചര്യം ഉണ്ടായിയിട്ടുള്ള തായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോയിലൂടെ വിറ്റഴിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾക്ക് എത്ര തവണ വിലവർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; 2011 ജനവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും എത്രയാണെന്ന് അറിയിക്കാമോ ;<br>(സി) മുൻ സർക്കാരിന്റെ കാലത്ത് വിലസ്ഥിരത നിലനിർത്തിയിരുന്ന സബ്സിഡി ഉല്പന്നങ്ങൾക്ക് ഈ സർക്കാർ വില വർദ്ധിപ്പിക്കുക യുണ്ടായോ; എങ്കിൽ എത്ര തവണ;<br>(ഡി) നിലവിൽ സബ്സിഡി ഉല്പന്നങ്ങളുടെ വില എത്രയാണെന്ന് വെളിപ്പെടു ത്താമോ; കഴിഞ്ഞ നാലരവർഷത്തി നിടെയുണ്ടായ വിലവർദ്ധന എത്ര ശതമാനമെന്ന് അറിയിക്കാമോ ; | (ബി) യും (സി) യും (ഡി) യും മൂന്ന് തവണ. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി,വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 06.07.2012 ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. ഈ ക്രിയാത്മകമായ മാറ്റം ജനങ്ങൾക്ക് ഏറെ ആശ്വാസം നൽകുന്നുണ്ട്. ഇതോടൊപ്പം സപ്ലൈകോ 9 സാധനങ്ങളുടെ വില കുറച്ചിട്ടുമുണ്ട്. 2011 ജനവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) പൊതുമാർക്കറ്റിലെ വില വർദ്ധനവ് തടയുന്നതിന് പകരം സബ്സിഡി സാധനങ്ങൾക്കും വില വർദ്ധിപ്പി ക്കുന്നതായി പറയപ്പെടുന്ന നടപടി പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്, ആയതിനാൽ അവശ്യ സാധനങ്ങളുടെ സബ്സിഡി വില ആവശ്യമായ ഘട്ടത്തിൽ പുനർ നിർണ്ണയിച്ച് (rationalize) സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതുവിപണി ഇടപെടൽ നയമാണ് സപ്ലൈകോ സ്വീകരിക്കുന്നത്. കഴിഞ്ഞ ഒരു വർഷമായി സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല ഇതിൽ പല അവശ്യ സാധനങ്ങളുടെയും വില കുറച്ചിട്ടുമുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില (ജനവരി 2011) കി. ഗ്രാമിന് | 6.7.12 ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | 1.8.13 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 24.8.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 6.11.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 1.12.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 01.01.15 ലെ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | ഇപ്പോഴത്തെ സബ്സിഡി വില | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെറുപയർ | – | 49.00 | 55.00 | 12.24 | 55.00 | 0 | 77.00 | 40 | 74.00 | -3.9 | 74.00 | 0 | 74.00 | 0 |
| 2 | ഉഴുന്ന് ബോൾ | 36.00 | 36.00 | 42.00 | 16.67 | 42.00 | 0 | 76.00 | 80.95 | 66.00 | -13.16 | 66.00 | 0 | 66.00 | 0 |
| 3 | വൻകടല | – | 44.00 | 45.00 | 2.27 | 45.00 | 0 | 45.00 | 0 | 43.00 | -4.4 | 43.00 | 0 | 43.00 | 0 |
| 4 | വൻപയർ | 26.50 | 26.50 | 35.00 | 32.08 | 35.00 | 0 | 49.00 | 40 | 45.00 | -8.16 | 45.00 | 0 | 45.00 | 0 |
| 5 | തുവരപരിപ്പ് | 34.00 | 34.00 | 45.00 | 32.35 | 45.00 | 0 | 67.00 | 48.89 | 65.00 | -2.99 | 65.00 | 0 | 65.00 | 0 |
| 6 | മുളക് | 45.00 | 45.00 | 55.00 | 22.22 | 75.00 | 36.36 | 75.00 | 0 | 75.00 | 0 | 75.00 | 0 | 75.00 | 0 |
| 7 | മല്ലി | 66 | 45.90 | 60.00 | 30.72 | 60.00 | 0 | 112.00 | 86.67 | 112.00 | 0 | 112.00 | 0 | 100.00 | -10.71 |
| 8 | പഞ്ചസാര | 25.00 | 25.00 | 26.00 | 4 | 26.00 | 0 | 27.50 | 5.77 | 25.00 | -9.09 | 25.00 | 0 | 22.00 | -12 |
| 9 | പച്ചരി | 16.00 | 16.00 | 21.00 | 31.25 | 23.00 | 9.5 | 23.00 | 0 | 23.00 | 0 | 23.00 | 0 | 23.00 | 0 |
| 10 | കുറുവ അരി | – | 19.00 | 21.00 | 10.53 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 24.00 | -4 |
| 11 | മട്ട അരി | 16.00 | 16.00 | 21.00 | 31.25 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 12 | ജയ അരി | – | 21.00 | 21.00 | 0 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 13 | വെളിച്ചെണ്ണ | – | 62.00 | 62.00 | 0 | 125.00 | 101.61 | 151.00 | 20.8 | 139.00 | -7.95 | 130.00 | -6.47 | 110 | -15.38 |

Beena
സെക്ഷൻ ഓഫീസർ